(ഐ) പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ കളക്ടർമാരുടെ വാർഷികയോഗത്തിൽ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. കൂടാതെ സംസ്ഥാന ഗവൺമെന്റും ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നു.

(ജെ) തത്വത്തിൽ എം.പി. ഫണ്ട് വിനിയോഗം കുറയുന്നത് സംസ്ഥാനത്തിനു നഷ്ടമാണ്. എന്നാൽ കേരളത്തിലെ എം.പി. ഫണ്ട് വിനിയോഗം 69 ശതമാനമാണ്. ബാക്കി തുകയ്ക്കുള്ള പണികൾ പുരോഗമിച്ചു വരുന്നു.

(കെ) ഫണ്ടു വിനിയോഗം മെച്ചപ്പെടുത്തുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നു.

(എൽ) കേരളത്തിലെ എം.പി.മാരുടെ അടുത്ത യോഗം 17-2-2000-ൽ ആണ്.

(എം) ടി യോഗത്തിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല. ഫണ്ട് വിനിയോഗം പരമാവധി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നു.

പ്ലാനിംഗ് ബോർഡിലെ പുനർ നിയമനം

8(8) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പ്ലാനിംഗ് ബോർഡ് അംഗങ്ങളിൽ ആരെങ്കിലും ഇക്കഴിഞ്ഞ പ്രാവശ്യം ലോകസഭയിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായോ ; എങ്കിൽ ആര് ;

(ബി) അതിനുവേണ്ടി അദ്ദേഹം എന്നാണ് പ്ലാനിംഗ് ബോർഡ് അംഗത്വം രാജിവച്ചത് ;

(സി) പ്രസ്തുത തെരഞ്ഞെടുപ്പു ഫലം എന്ന് പ്രഖ്യാപിക്കപ്പെട്ടു ;

(ഡി) അദ്ദേഹത്തിന് എന്ന് പ്ലാനിംഗ്ബോർഡിൽ പുനർനിയമനം നൽകപ്പെട്ടു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സരിക്കുകയുണ്ടായി. ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്.

(ബി) വ്യക്തിപരമായ കാരണങ്ങളാൽ 31-7-1999 അപരാഹ്നം മുതൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗത്വം രാജിവയ്ക്കാൻ ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട് സർക്കാരിന്റെ അനുവാദം തേടുകയുണ്ടായി. ഇതേത്തുടർന്ന്, പ്രസ്തുത തീയതി മുതൽ അദ്ദേഹത്തെ മുഴുവൻ സമയ അംഗത്വത്തിൽ നിന്നും ഒഴിവാക്കുകയും 1-8-1999 മുതൽ പാർട്ട് ടൈം അംഗമായി നിയമിക്കുകയും ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 7-10-1999 ന്

(ഡി) 1-11-1999 മുതൽ അദ്ദേഹത്തെ വീണ്ടും മുഴുവൻ സമയ അംഗമായി നിയമിച്ചു.

പൊതുമേഖലാ-സ്വകാര്യമേഖലകളിലെ മുതൽമുടക്ക്

9(9) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 ജനുവരി 31 വരെ എത്ര കോടി രൂപയുടെ മുതൽ മുടക്ക് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സംസ്ഥാന-കേന്ദ്ര വിഹിതം എത്ര വീതം പൊതുമേഖലയിൽ മുതൽ മുടക്കിയിട്ടുണ്ട് ;

(സി) വിദേശ മുതൽമുടക്ക് എത്ര വീതം ഏതെല്ലാം മേഖലയിൽ ഉണ്ടായിട്ടുണ്ടെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ ;

(ഡി) വിദേശ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെല്ലാം വിദേശ രാജ്യങ്ങളിൽ ഏതെല്ലാം മന്ത്രിമാർ സന്ദർശിച്ചിട്ടുണ്ട് ;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വികസനത്തിന് കൈവന്ന നേട്ടങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ ഫിനാൻഷ്യൽ ടാർജറ്റ്

10(10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വ്യവസായം, കൃഷി, വൈദ്യുതി, ജലസേചനം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, സാമൂഹ്യ സർവ്വീസുകൾ, ശുദ്ധജലവിതരണം, പൊതുജനാരോഗ്യം, ഭവനനിർമ്മാണം, മത്സ്യബന്ധനം, മൃഗസംരക്ഷണം, സാമൂഹ്യവികസനം, ടൂറിസം എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ പ്രതീക്ഷിച്ചിരുന്ന ഫിസിക്കൽ ടാർജറ്റും ഫൈനാൻഷ്യൽ ടാർജറ്റും എത്ര വീതമായിരുന്നു ;

(ബി) ഓരോ വർഷവും നേടാൻ കഴിഞ്ഞ ഫിസിക്കൽ ടാർജറ്റും ഫൈനാൻഷ്യൽ ടാർജറ്റും എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ വർഷവും പദ്ധതിയിനത്തിൽ ലക്ഷ്യമിട്ടിരുന്ന ടാർജറ്റിന്റെ എത്രശതമാനം വീതം കൈവരിക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly